പുതിയ വ്യവസായങ്ങൾ.

*172. [63] ശ്രീ. സ. സി. അയ്യപ്പൻ :- താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ ആരംഭിക്കേണ്ടതായ പുതിയ വ്യവസായങ്ങളെ സംബന്ധിച്ചു് സ്റ്റേറ്റ് സർക്കാർ കേന്ദ്രഗവണ്മെന്റിന്റെ അടുക്കൽ നിവേദനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ എവിടെയെല്ലാം തുടങ്ങണമെന്നാണു് ആവശ്യപ്പെട്ടിട്ടുള്ളതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ സംസ്ഥാനത്തു് ആരംഭിക്കേണ്ടതായ പുതിയ വ്യവസായങ്ങളെ സംബന്ധിച്ചു് പ്ലാനിംഗ് കമ്മിഷനു് നിവേദനം സമർപ്പിച്ചിട്ടുണ്ടു്.

(ബി) താഴെ പറയുന്ന വ്യവസായങ്ങളെ സംബന്ധിച്ചാണു് നിവേദനം നടത്തിയിട്ടുള്ളതു്.

1. ഷിറപ്പ് ഗ്ലാസു് ഫാക്ടറി
2. ഗ്ലൂക്കോസു് ആൻഡ് സ്റ്റാർച്ചു് ഫാക്ടറി
3. ആരോമാറ്റിക്സ് ഫാക്ടറി
4. സിൻതറ്റിക്കു് കോറൻറം ഫാക്ടറി
5. സാൻഡ് ലൈംബ്രിക്സ് ഫാക്ടറി
6. ഹാർഡ്ബോർഡ് ഫാക്ടറി
7. മോട്ടാർടയർ ഫാക്ടറി
8. സ്റ്റീൽപോംസ് ഫാക്ടറി

ഇവ ഓരോന്നും ഏതേതുസ്ഥലങ്ങളിലാണു് സ്ഥാപിക്കേണ്ടതു് എന്നുള്ളതിനെപ്പറ്റി ഇതുവരെ അന്തിമതീരുമാനം ആയിട്ടില്ല. സ്റ്റീൽപോംസ് ഫാക്ടറി കൊച്ചിയിലായിരിക്കുന്നതെന്നു തീരുമാനിച്ചിട്ടുണ്ടു്.

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിലെ പോർട്ടർമാർ.

*173. [64] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യത്തിനു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ്ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൽ ആകെ എത്ര പോർട്ടർമാർ ഉണ്ടു് ;

(ബി) ഇവർക്കു് എന്തെങ്കിലും ശമ്പളമോ അലവൻസോ നൽകുന്നുണ്ടോ ;

(സി) 1954-ൽ എക്സ്പ്രസ്സു് ബസ്സിലെ യാത്രക്കാരിൽനിന്നും ലഗ്ഗേജ് ഇനത്തിൽ എന്തു സംഖ്യ പിരിഞ്ഞിട്ടുണ്ടു് ;

(ഡി) എക്സ്പ്രസ്സു് ട്രിക്കറകൾക്കു് എന്തെങ്കിലും സർചാർജ്ജ് ഏർപ്പെടുത്തിച്ചു് പോർട്ടർമാർക്കു് ന്യായമായ ശമ്പളം നൽകാൻ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly